പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2190 05.12.2018 ൽ മറുപടിക്ക്

## പാറശ്ശാല മണ്ഡലത്തിൽ ആർദ്രം പദ്ധതി

| ചോദ്യം<br><br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ)<br>&<br>(ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 കാലയളവിൽ തെരെഞ്ഞെടുത്ത പൂഴനാട് പി.എച്ച്.സി.യെ എഫ്.എച്ച്.സി.യായി ഉയർത്തി അടിസ്ഥാന സാഹചര്യങ്ങൾ വികസിപ്പിക്കുകയും ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആസ്ത്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള "ശ്വാസ് ക്ലിനിക്", മാനസികാരോഗ്യ പരിചരണത്തിനുള്ള "ആശ്വാസ് ക്ലിനിക്", എൻ.സി.ഡി.ക്ലിനിക്കുകൾ തുടങ്ങിയ സേവനങ്ങൾ നൽകി വരുന്നു. ഒ.പി.സമയം 6 മണിവരെ ദീർഘിപ്പിച്ച്, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകി വരുന്നുണ്ട്. 2018-19 ൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അമ്പൂരി, ചെമ്പൂർ, കന്നത്തുകാൽ, കള്ളിക്കാട്, കൊല്ലയിൽ എന്നീ പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുക്കുകയും ഇവിടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. വഴി പുരോഗമിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്; ആയതിന്റെ നടപടി ക്രമങ്ങൾ ഏതുവരെയായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 2018-19 ൽ ആർദ്രം പദ്ധതിയുടെ ഭാഗമായി അംഗീകൃത നിലവാരത്തിലേക്കുയർത്തുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഈ ആശുപത്രിയിൽ മറ്റേർണിറ്റി ബ്ലോക്ക് പൂർത്തീകരിക്കാൻ 165 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 220 ലക്ഷം രൂപ എൻ.എച്ച്.എം.ന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ